വാർത്താക്കുറിപ്പ്

## ഇ-സംഭരണത്തിൽ വൻ പുരോഗതി;

ഇനി മുതൽ ഓൺലൈനിൽ പണവുമടയ്ക്കാം

***കൊച്ചി ...... ഏപ്രിൽ 2013 :*** ഭരണകാര്യങ്ങളിൽ സുതാര്യത ഉറപ്പുവരുത്തുന്നതിനുള്ള സർക്കാർ ശ്രമങ്ങൾക്ക് വേഗതയേകി ഇ-സംഭരണത്തിന് സമർപ്പിക്കുന്ന അപേക്ഷകൾക്കൊപ്പം ഫീസും നിരതദ്രവ്യവും ഓൺലൈനിൽ അടയ്ക്കുന്നതിന് സംസ്ഥാന ഐ ടി വകുപ്പ് സംവിധാനമേർപ്പെടുത്തി. ദർഘാസ് തുകയും നിരതദ്രവ്യവും പണമായോ ഡിമാൻഡ് ഡ്രാഫ്റ്റായോ അടച്ചുവരുന്ന നിലവിലെ സമ്പ്രദായത്തിനു പകരമാണ് ഓൺലൈൻ പേയ്മെന്റ് സംവിധാനമൊരുക്കിയിരിക്കുന്നത്.

തെരഞ്ഞെടുക്കപ്പെടാത്ത കരാറുകാരുടെ നിരതദ്രവ്യം ഓൺലൈനിൽ മടക്കി നൽകുന്നതിനും ഇ-പേയ്മെന്റ് സംവിധാനം ഉപകരിക്കുമെന്നത് പ്രധാന സവിശേഷതയാണ്. കരാറുകാരിൽ നിന്ന് സർക്കാരിന് ലഭിക്കേണ്ട തുകയും കരാറിൽ പങ്കെടുത്തവർക്ക് തിരിച്ചു നൽകേണ്ട തുകയും ഓൺലൈൻ പേയ്മെന്റിലാക്കുന്ന പ്രഥമ ഇന്ത്യൻ സംസ്ഥാനം കേരളമാവുകയാണ്. ഭരണ രംഗത്ത് സുതാര്യത ഉറപ്പു വരുത്തുന്നതിൽ ഇതിനോടകം തന്നെ ഏറെ മുന്നേറിക്കഴിഞ്ഞ സംസ്ഥാന സർക്കാരിന്റെ ഇ-ഗവേർണൻസ് ഭൂപടത്തിൽ മറ്റൊരു നാഴികക്കല്ലായി ഇ-പേയ്മെന്റ് സംവിധാനം മാറിക്കഴിഞ്ഞു.

ഇ-സംഭരണ സംവിധാനത്തിന്റെ നോഡൽ ഏജൻസിയായ സംസ്ഥാന ഐ ടി മിഷൻ നടപ്പിലാക്കിയ ഇ-പേയ്മെന്റ് സംവിധാനം “കരാറുകാരുടെ സൗകര്യവും കരാറിടപാടുകളുടെ സുരക്ഷിതത്വവും ഒരുപോലെ ഉറപ്പുവരുത്തുന്നു” വെന്ന് സംസ്ഥാന ഐ ടി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ.പി.എച്ച് കുര്യൻ പറഞ്ഞു. പ്രമുഖ ദേശസാൽകൃത ബാങ്കായ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ നെറ്റ് ബാങ്കിംഗ് സൗകര്യമുപയോഗപ്പെടുത്തി ഇനിമുതൽ ലോകത്തിന്റെ ഏതുകോണിൽ നിന്നും കരാറുകാർ സർക്കാരിലേക്കു നൽകേണ്ട തുക അടയ്ക്കാൻ കഴിയും. ഇതര ബാങ്കുകളിൽ അക്കൗണ്ടുള്ളവർക്കും സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ എൻ ഇ എഫ് ടി പേയ്മെന്റ് ഗേറ്റ്‌വേ ഉപയോഗിച്ചും പണമടയ്ക്കാം. പ്രസ്തുത സംവിധാനം ഓൺലൈനിൽ തെരഞ്ഞെടുക്കുന്നതിനൊപ്പം തന്നെ എസ് ബി ടി യുടെ മുൻകൂർ തയ്യാറാക്കിയ ചെല്ലാൻ കരാറുകാരന് ലഭിക്കും. കരാർ സ്വീകരിക്കുന്ന സമയം അവസാനിക്കുന്നതിന് 48 മണിക്കൂർ മുൻപായി കരാറുകാരൻ ഓൺലൈനിൽ പണമടച്ചിരിക്കണമെന്ന് വ്യവസ്ഥയുണ്ട്.

**ഇ-പേയ്മെന്റ്: സവിശേഷതകൾ**

- ദർഘാസ് തുറക്കുന്നതുവരെ വിശദാംശങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതിനു സാധിക്കും
- കരാറുകാർ നേരിട്ട് ഓഫീസുകൾ കയറിയിറങ്ങാതെ എവിടെ നിന്നും ദർഘാസുകൾ സമർപ്പിക്കുന്നതിനും പണമടയ്ക്കുന്നതിനുമുള്ള സൗകര്യം
- നിശ്ചിത സർക്കാർ അക്കൗണ്ടിൽ യഥാസമയം കൃത്യമായ തുക ഉറപ്പായും എത്തിച്ചേരുന്നു.
- തെരഞ്ഞെടുക്കപ്പെടാത്ത കരാറുകാർക്ക് കൃത്യമായി നിരതദ്രവ്യം ഓൺലൈനിൽ മടക്കിക്കിട്ടുന്നു.
- ഉദ്യോഗസ്ഥരെ സംബന്ധിച്ച് ഡിമാൻഡ് ഡ്രാഫ്റ്റ്, പണം എന്നിവയുടെ സൂക്ഷിപ്പു ചുമതല ഒഴിവാകുന്നു.
- ഓഫീസുകളിൽ നിന്നും സർക്കാരിലേക്ക് പണമടയ്ക്കുന്നതിന്റെ എഴുത്തുകുത്ത് ഒഴിവാകുന്നു.
- സർക്കാർ പണമിടപാടുകൾ കൂടുതൽ സുരക്ഷിതവും സുതാര്യവും കൃത്യവുമാകുന്നു.

‘നിരതദ്രവ്യവും മറ്റും ഓൺലൈനിലാക്കുകവഴി സർക്കാരിനു ലഭിക്കേണ്ട തുക യഥാസമയം കൃത്യമായി നിശ്ചിത അക്കൗണ്ടിലെത്തുന്നുവെന്ന് ഉറപ്പുവരുത്താൻ ഈ സംവിധാനത്തിനു കഴിയു’മെന്ന് ഐ ടി മിഷൻ ഡയറക്ടർ ഡോ. സി.ജയശങ്കർ പ്രസാദ് അറിയിച്ചു. ഡിഡി ആയും മറ്റും കരാറുകാരിൽ നിന്നും ലഭിക്കുന്ന തുക സൂക്ഷിച്ചുവച്ച് സർക്കാർ ഖജനാവിലേക്ക് യഥാസമയം അടക്കുക, കരാർ ലഭിക്കാത്തവർക്ക് തുക ഖജനാവിൽ നിന്നും മടക്കിവാങ്ങി തിരികെ നൽകുക മുതലായ ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനും ഇതിലൂടെ സാധിക്കും.

**ഇ-സംഭരണം: സവിശേഷതകൾ**

- സുതാര്യത, രഹസ്യസ്വഭാവം, ഉത്തരവാദിത്വം ഉറപ്പിക്കൽ
- കരാറുകാർക്ക് 24 മണിക്കൂറും ദർഘാസ് സമർപ്പിക്കുന്നതിനുള്ള സൗകര്യം
- ഏതു സമയത്തും, എവിടെ നിന്നും ദർഘാസ് സമർപ്പിക്കാം
- നേരിട്ടുള്ള ഇടപെടൽ ഒഴിവാക്കുന്നതിലൂടെ വിവേചനമെന്ന സ്ഥിരം ആരോപണം ഒഴിവാക്കാം
- സമ്പൂർണ്ണ സുരക്ഷിതത്വം ഉറപ്പുവരുത്തുന്ന പ്രക്രിയ

കേന്ദ്രസർക്കാരിന്റെ ദേശീയ ഇ-ഗവേണൻസ് പദ്ധതിപ്രകാരം, നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിന്റെ സാങ്കേതിക സഹകരണത്തിലാണ് ഐടി മിഷൻ വിവിധ വകുപ്പുകളിൽ ഇ-സംഭരണ സംവിധാനം നടപ്പിലാക്കുന്നത്. ഭരണരംഗത്ത് കൂടുതൽ കാര്യക്ഷമതയും പരമാവധി സുതാര്യതയുമുറപ്പുവരുത്തുന്നതിനും, ഭരണപ്രക്രിയ ഇ-ഗവേണൻസ് അധിഷ്ഠിതമാക്കുന്നതിനും, സംസ്ഥാന സർക്കാർ കൈക്കൊണ്ടുവരുന്ന ഉദ്യമങ്ങളുടെ ഭാഗമായാണ് ഇ-സംഭരണ സംവിധാനം നടപ്പിലായിരിക്കുന്നത്. ഇ-സംഭരണം സംബന്ധിച്ച കൂടുതൽ വിവരങ്ങൾ www.etenders.kerala.gov.in എന്ന വെബ് സൈറ്റിൽ നിന്നും അറിയാവുന്നതാണ്.

2013 മാർച്ച് 31 നു ശേഷം 25 ലക്ഷത്തിനുമേലുള്ള സർക്കാർ സംഭരണം ഓൺലൈൻ സംവിധാനം വഴി ആയിരിക്കണമെന്ന് സർക്കാർ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. 3 സർക്കാർ വകുപ്പുകളും 4 ബോർഡുകളും 41 പൊതുമേഖലാ സ്ഥാപനങ്ങളും ചേർന്ന് ഇതിനോടകം 2209 കോടി രൂപയുടെ 4181 കരാറുകൾ ഇ-ടെണ്ടറിംഗ് വഴി ആരംഭിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളിൽപ്പെട്ട 1500 ൽപ്പരം ജീവനക്കാർക്ക് ഇതിനാവശ്യമായ പരിശീലനം നൽകിക്കഴിഞ്ഞു. കഴിഞ്ഞ (2012- 13) സാമ്പത്തിക വർഷത്തിൽത്തന്നെ 2060 കരാറുകാർ ഇ-ടെണ്ടറിംഗ് സംവിധാനത്തിൽ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

ജി.ഉണ്ണികൃഷ്ണൻ
ഹെഡ് ഇ-ഗവേർണൻസ്